# പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 612

10-03-2015-ൽ മറുപടിക്ക്

### കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി

**ചോദ്യം**

ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ

(എ) കൊച്ചി-മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി ഉപേക്ഷിച്ചിട്ടുണ്ടോ ; ഇക്കാര്യത്തിൽ എടുത്ത തീരുമാനം എന്താണെന്ന് വിശദമാക്കുമോ ;

**ഉത്തരം**

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

(എ) കൊച്ചി - മംഗലാപുരം ഗ്യാസ് പൈപ്പ് ലൈൻ പദ്ധതി ഉപേക്ഷിച്ചിട്ടില്ല. സർക്കാർ നിയമിച്ച, ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഉന്നതതല സമിതിയുടെ ആദ്യയോഗത്തിൽ ഗെയിൽ അധികൃതരുമായി വിശദമായ ചർച്ച നടത്തുകയും സർക്കാർ വാഗ്ദാനം ചെയ്ത പൂർണ്ണമായ പിന്തുണയുടെ അടിസ്ഥാനത്തിൽ, നിർത്തിവച്ചിരുന്ന പൈപ്പ് ലൈൻ നിർമ്മാണ നടപടികൾ പുനരാരംഭിക്കുവാൻ യോഗത്തിൽ ധാരണ യാകുകയും ചെയ്തു. പൈപ്പ്ലൈൻ പദ്ധതിയ്ക്ക് ഏറ്റവും കൂടുതൽ എതിർപ്പ് നേരിട്ട മലപ്പുറം, കോഴിക്കോട് ജില്ലകളിൽ പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള സ്ഥലം ഉടമകളുമായി പഞ്ചനാമ തയ്യാറാക്കി സ്ഥലം ഗെയിലിന് കൈമാറുവാനും ഇതിനായി ഗെയിലിന് വേണ്ട സഹായം നൽകുവാൻ അതാത് ജില്ലാ ഭരണ-കൂടത്തെ സർക്കാർ ചുമതലപ്പെടുത്തി യിട്ടുണ്ട്.

(ബി) പദ്ധതിക്ക് വേണ്ടിയുള്ള സർവ്വേ എത്ര ശതമാനം പൂർത്തീകരിച്ചിട്ടുണ്ട് ;

(ബി) പദ്ധതിക്കുവേണ്ടിയുള്ള സർവ്വേ 2009 ൽ പൂർത്തിയായതാണ്. P & MP Act ലെ സെക്ഷൻ 6(1) പ്രകാരമുള്ള ഗസറ്റ് നോട്ടിഫിക്കേഷനും പൂർത്തിയായി സ്ഥലം കേന്ദ്ര സർക്കാരിന്റെ അധീനതയിൽ ഉള്ളതുമാണ്.

(സി പദ്ധതിക്ക് വേണ്ടി എത്ര തുക ചെലവായിട്ടുണ്ട് ;

(സി) പദ്ധതിക്കുവേണ്ടി ഇതുവരെ 2000 കോടിയോളം രൂപ ചിലവായിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റിൽ മാറ്റം വരുത്തി പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(ഡി) അലൈന്റ്മെന്റിൽ മാറ്റം വരുത്തി പദ്ധതി നടപ്പാക്കാൻ സാധിക്കുകയില്ല. ഏറ്റവും അനുയോജ്യമായ അലൈന്റ്മെന്റാണ് ഇപ്പോഴുള്ളത്. സ്ഥലം ഉടമകളുമായി Competent Authority യായ ഡെപ്യൂട്ടി കളക്ടർ ഹിയറിംഗ് നടത്തുകയും അതു പ്രകാരം കേരളത്തിലെ പൈപ്പ് ലൈൻ റൂട്ട് P & MP Act ലെ സെക്ഷൻ 6(1) പ്രകാരം ഗസറ്റ് വിജ്ഞാപനം ചെയ്തിട്ടുള്ളതും കേന്ദ്ര സർക്കാർ അധീനതയിൽ ഉള്ളതുമാണ്.

സെക്ഷൻ ഓഫീസർ